LIBRARY ARCHIVES Kerala Legislative Assembly

(3) നേഴ്സിംഗ് സ്ക്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇലന്തൂർ ഗവൺമെന്റ് സ്കൂൾ ഓഫ് നേഴ്സിംഗ് 2001-ൽ സ്ഥാപിതമായ ഒരു സ്ഥാപനമാണ്. ഇലന്തൂർ ബ്ലോക്ക് സി.എച്ച്.സി.-യുടെ പഴയ കെട്ടിടങ്ങളിലാണ് ഹോസ്റ്റലും നേഴ്സിംഗ് സ്കൂളും പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പോലും ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യമാണുള്ളത്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ 2002-ൽ ആരംഭിച്ച് പണി പൂർത്തീകരിച്ചെങ്കിലും ആ കെട്ടിടത്തിൽ വെള്ളമോ ഇലക്ട്രിസിറ്റി കണക്ഷനോ ഇല്ല. ഇലക്ട്രിസിറ്റി കണക്ഷന് അപേക്ഷിക്കണമെങ്കിൽ കുറച്ചുസ്ഥലം അക്വയർ ചെയ്തെങ്കിൽ മാത്രമേ അപേക്ഷ കൊടുക്കാൻ കഴിയുകയുള്ളൂ. ട്രാൻസ്ഫോർമർ പുതിയതായി വയ്ക്കണം. മറ്റ് സൗകര്യങ്ങൾ വേണം. അതിന് അൽപ്പം സ്ഥലംകൂടി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോവുകയുണ്ടായി. പക്ഷേ, ഇതുവരെയും അതിന്റെ ഒരു പൂർണ്ണതയിൽ എത്തിയിട്ടില്ല. കുട്ടികൾക്ക് താമസിക്കാൻ സൗകര്യമില്ല. പുതിയ കെട്ടിടം പണിതുവെങ്കിൽപോലും അത് പ്രയോജനപ്പെടുത്താനും കഴിയുന്നില്ല. അടിയന്തരമായി ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, ഇലന്തൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിൽ 2001 ജനുവരിയിലാണ് നേഴ്സിംഗ് സ്കൂൾ ആരംഭിച്ചത്. മൂന്ന് ബാച്ചുകളിലായി 60 കുട്ടികൾ പഠിക്കുന്ന സ്കൂളിനുവേണ്ടി പണി ആരംഭിച്ച 6 നിലകെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പിന്നീട് നിലച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം 2009-ൽ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്. ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ മാത്രമേ വൈദ്യുതി ലഭ്യമാക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ അതിന് ആവശ്യമായ സ്ഥലം അവിടെ ഉണ്ടായിരുന്നില്ല. സാങ്കേതിക തടസ്സം കാരണം ജലവിതരണവും പൂർണ്ണതോതിൽ ആക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടികളുടെ താമസത്തിനും പഠനത്തിനും പഴയകെട്ടിടം തീർത്തും അപര്യാപ്തമായതിനാൽ പഠനാവശ്യത്തിനായി നിലവിലുള്ള കെട്ടിടത്തിന്റെ ആദ്യനില ഉപയോഗിക്കാൻ തീരുമാനിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് 33 സെന്റ് സ്ഥലം ഏറ്റെടുത്ത് അതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. വൈദ്യുതീകരണത്തിനാവശ്യമായ തുടർനടപടികൾ ഉടൻ സ്വീകരിക്കും. ജലവിതരണ വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ അനുസരിച്ച് എൻ.ആർ.എച്ച്.എം.ഫണ്ട് ഉപയോഗിച്ച് ജലവിതരണം ഉടൻ പൂർണ്ണതോതിലാക്കും. 9 വർഷം മുൻപ് തുടങ്ങിയ സ്ഥാപനമാണെങ്കിലും ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ പരിശോധനയ്ക്കുള്ള നടപടി സ്വീകരിച്ചിരുന്നില്ല. പുതിയ കെട്ടിടത്തിലേക്ക് മാറിയശേഷം ഇൻഡ്യൻ

നഴ്സിംഗ് കൗൺസിലിനെകൊണ്ട് പരിശോധിപ്പിക്കാനും താൽക്കാലിക അംഗീകാരം നേടിയെടുക്കാനും സാധിച്ചു. സ്ഥാപനത്തിന് സ്ഥിര അംഗീകാരം നേടിയെടുക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(4) ചരിത്ര സ്മാരകം

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 1498-ൽ ലോകം കണ്ട ഏറ്റവും വലിയ ധീര നാവിക സാഹസികനായ വാസ്കോഡഗാമ ഇൻഡ്യയിലെ കാപ്പാട് വന്നിറങ്ങി. അദ്ദേഹം മരണപ്പെട്ടപ്പോൾ അടക്കം ചെയ്തത് ഫോർട്ട് കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിയിലാണ്. നിരവധി സന്ദർശകർ ദിവസേന അവിടെ എത്തുന്നു. ഈ സാഹസികൻ കൊച്ചിയിൽ താമസിച്ച പള്ളിയോട് ചേർന്ന ഭവനം ചരിത്ര സ്മാരകമായി സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണം. ആംഗ്ലോ ഇൻഡ്യൻ കൾച്ചറൽ സെന്ററിന് ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചുവെങ്കിലും ഇതുവരെ അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. റവന്യൂ വകുപ്പിന്റെ അഞ്ച് സ്ഥലങ്ങൾ പോയി കാണാൻ എന്നോട് ആവശ്യപ്പെട്ടെങ്കിലും ആ അഞ്ച് സ്ഥലങ്ങളും ഞാൻ കാണുകയും അത് എനിക്ക് തൃപ്തിയാണെന്ന് പറഞ്ഞിട്ടും ഒരു സ്ഥലംപോലും അനുവദിക്കാതെ പട്ടി ചന്തയ്ക്ക് പോയ ഒരു അവസ്ഥയാണ് എന്റേത്. അതുകൊണ്ട് മുറിയെങ്കിലും അനുവദിച്ചുതന്ന് അടിയന്തരമായി അതിനുവേണ്ട ഭൂമി അനുവദിച്ചുകിട്ടാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വാസ്കോഡഗാമ 1498-ൽ കോഴിക്കോട് കാപ്പാട് എത്തുകയും കാപ്പാട് നിന്നും മടങ്ങിപ്പോയതിനുശേഷം 1502-ൽ വീണ്ടും ഫോർട്ട് കൊച്ചിയിലെത്തുകയും അവിടെവച്ച് മരണപ്പെട്ടപ്പോൾ സെന്റ് ഫ്രാൻസിസ് പള്ളിയിൽ അദ്ദേഹത്തെ അടക്കം ചെയ്യുകയും ചെയ്തു. വാസ്കോഡഗാമ താമസിച്ചിരുന്ന ചരിത്രപ്രാധാന്യമുള്ള ഭവനം ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. ആംഗ്ലോ ഇൻഡ്യൻ സമുദായത്തിന്റെ സാസ്ക്കാരിക തനിമ നിലനിർത്തുന്നതിന് ഒരു ആംഗ്ലോ ഇൻഡ്യൻ കൾച്ചറൽ സെന്റർ സ്ഥാപിക്കാൻ 2009-10-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പത്ത് ലക്ഷം രൂപ അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട എം. എൽ.എ. ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്ത് ലക്ഷം രൂപ ഉപയോഗിച്ച് സാംസ്ക്കാരിക കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള ഭരണാനുമതി 6-2-2010-ന് നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ഈ തുക ഉപയോഗിച്ച് സാംസ്ക്കാരിക വകുപ്പിന് പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. സാംസ്ക്കാരിക കേന്ദ്രത്തിനായി ഭരണസമിതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് ആവശ്യമായ സഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. സ്ഥലത്തിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കളക്ടറുമായി ബന്ധപ്പെട്ട് അടിയന്തരമായി കണ്ടെത്താൻ ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly